ഒരു

# ചിലങ്ക



# മുഖവുര

വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ പ്രതിഭയും ധിഷണയും ചേർന്ന ഡിജിറ്റൽ മാഗസിനാണ് ഒറ്റ ചിലങ്ക. ഇതിൻ്റെ താളുകളിൽ അവരുടെ വികാരവിചാരങ്ങളുടെ പ്രതിധ്വനി കേൾക്കാം. അവരുടെ ഭാവങ്ങളും ഭാവനകളും ഇതിൽ തെളിഞ്ഞുകാണാം. ഇവിടുത്തെ കുട്ടികളുടെ മുദ്ര പതിഞ്ഞതാണ് ഈ താളുകൾ ഓരോന്നും.. അതുതന്നെയാണ് ഇതിൻ്റെ വൈശിഷ്ട്യവും.

പ്രിയ വായനക്കാർക്കായി ഞങ്ങൾ ഇതു സമർപ്പിക്കുന്നു...

എന്ന്,



ദേവിക എം നായർ

ചീഫ് എഡിറ്റർ

# ആശംസ

സ്വപ്നങ്ങളുടെ സഞ്ചാരവീഥിയിൽ ഒരു ദേശത്തിന് അക്ഷര വെളിച്ചം പകർന്നുകൊണ്ട് വിദ്യാർത്ഥികൾക്കു തുണയായി നിൽക്കുന്ന ഈ പ്രകാശ ഗോപുരം വിജയ പതാകയുമേന്തി വിഹായസ്സിലേക്കുയരുമ്പോൾ കൈറ്റ് മിസ്ട്രസ്സ് എന്ന നിലയിൽ ഞാനേറെ സന്തോഷിക്കുന്നു. സ്കൂൾ പാഠ്യതര വിഷയങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ "ഒറ്റ ചിലങ്ക" എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ടിനു കുമാർ
കൈറ്റ് മിസ്ട്രസ്സ്

# ഉള്ളടക്കം


1. തെരേസാസിലൂടെ
2. സാമൂഹികമാധ്യമങ്ങളും പുതുതലമുറയും
3. ഒരു മൂന്നാർ യാത്ര
4. മയക്കുമരുന്ന് ആസക്തി
5. എൻ  സൗഹൃദം
6. ദൈവത്തിൽ വിശ്വസിക്കുന്നവൻ
7. പച്ചതത്ത
8. ആത്മാർത്ഥ സുഹൃത്ത്
9. ലഹരിയും യുവതലമുറയും
10. ലിറ്റിൽ കൈറ്റുകളിൽ നിന്ന് എനിക്ക് ലഭിക്കുന്ന നേട്ടങ്ങൾ
11. മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്
12. മുന്നോട്ട്
13. പുള്ളി പൂമ്പാറ്റ
14. സ്നേഹത്തിന്റെ മഹത്വം
15. ലിറ്റിൽ കൈറ്റ്സ് എന്റെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ
16. ധരിത്രി
17. ജീവിതമാകട്ടെ ലഹരി
18. രാത്രി
19. ഒരു വാഗമൺ യാത്ര
20. സൗഹൃദം
21. എന്റെ കലാലയം
22. നന്ദിയുടെ ഒരു വാക്ക്

# തെരേസാസിലൂടെ......

ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് മൂവാറ്റുപുഴ തൊടുപുഴ റൂട്ടിലെ മഞ്ഞള്ളൂർ ഗ്രാമത്തിലെ ഒന്നാം വാർഡിൽ ആണ്. 1926 ൽ വിശുദ്ധ കൊച്ചുത്രേസ്യ യുടെ നാമത്തിൽ സ്ഥാപിതമായാ ഈ വിദ്യാലയം ഇന്ന് ഈ നാടിൻറെ നെടുംതൂണായി നിലകൊള്ളുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചുപഠിക്കുന്ന ഈ ഹൈസ്കൂളിൽ ഏകദേശം 750തോളം കുട്ടികൾ വിദ്യ അഭ്യസിക്കുന്ന ഒരു സരസ്വതി വിദ്യാലയമാണ്.കുട്ടികളുടെ സർഗാത്മകവും ക്രിയാത്മകവുമായ വളർച്ചക്ക് സഹായകമാകുന്ന എല്ലാവിധ സാഹചര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. 2022 ൽ പുതുക്കി പണിത ഈ കെട്ടിടം എല്ലാവിധ ഭൗതീക സൗകര്യങ്ങളോടും കൂടിയ ഒന്നാണ് . വിശാലമായ ക്ലാസ് മുറികളും കമ്പ്യൂട്ടർ , മൾട്ടിമീഡിയ റൂമുകൾ, സ്പോർട്സ്, സയൻസ്, മാത്സ്, റീഡിങ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറി, സ്കൂൾ ബസ്, കളിസ്ഥലം, ലാബുകളും അതിവിശാലമായ ഊണുമുറിയും എല്ലാം നല്ലൊരു അടിസ്ഥാനസൗകര്യം വിളിച്ചോതുന്നവയാണ്. .

അടിസ്ഥാനസൗകര്യങ്ങൾക്ക് ഒപ്പം തന്നെ സ്കൂളിൽ കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കാൻ ഉതകുന്ന രീതിയിൽ നല്ലപരിശീലനങ്ങളും ഹെഡ്മിസ്ട്രെസ്സിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ് . ഇതിന് വേണ്ട എല്ലാവിധ സഹായ സഹകരണങ്ങളും പി ടി എ യുടെയും മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് അധികാരികളുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്നത് അഭിനന്ദനാർഹം തന്നെ ആണ് .



**സ്കൂൾപാർലമെന്റ്:**
സ്കൂൾ ഭരണത്തിൽ കുട്ടികളെ ഭാഗഭാക്കാക്കുന്നതിന് വേണ്ടി ഇലക്ട്രോണിക് വോട്ടിംഗ് സോഫ്റ്റ് വെയർറും മൊബൈൽ ഫോണും ഉപയോഗിച്ച് കൊണ്ട് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെയും സോഷ്യൽ സയൻസ് ക്ലബിന്റെയും നേതൃത്വത്തിൽ ഇലക്ഷൻ നടത്തി. ഹെഡ്ഗേൾ ദേവനന്ദ കെ ,ആർ, ഹെഡ് ബോയ് ഫെബിൻ സിജു മറ്റു ക്ലാസ് പ്രതിനിധികൾ എന്നിവരെതിരഞ്ഞെടുത്തു. .

**സ്കൂൾ അസംബ്ലി:**
ആഴ്ചയിൽ രണ്ടു ദിവസവും പ്രധാനപ്പെട്ടമറ്റുദിവസങ്ങളിലും സ്കൂൾ അസംബ്ലി മലയാളം, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ദിവസങ്ങളിൽ നടത്തിവരുന്നു.

രാവിലെ നടക്കുന്ന അസ്സെംബ്ലിയിൽ ഈശ്വരപ്രാർത്ഥന , ന്യൂസ് റീഡിങ് , ഇന്നത്തെ ചിന്താ ദിനം, പ്രധാന ദിനങ്ങൾ ആണെങ്കിൽ അവയുമായി ബന്ധപ്പെട്ട മറ്റ് പരിപാടികൾ എന്നിവ നടത്തുന്നു. പ്രധാന അദ്ധ്യാപിക കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു.



**സന്മാർഗ്ഗിക ക്ലാസുകൾ:**


കുട്ടികളുടെ മനസികമായ വളർച്ചക്കും സ്വഭാവ രൂപീകരണത്തിനുമായി വാല്യൂ എഡ്യൂക്കേഷൻ ക്ലാസുകൾ നൽകി വരുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്ക് കൗൺസിലിങ് നല്കുന്നു. ഇതു വഴി കുടുംബ പ്രശ്നങ്ങൾ , പഠന വൈകല്യം , മൊബൈലിന്റെ ദുരുപയോഗം തുടങ്ങിയവ കുറക്കാൻ സാധിക്കുന്നുണ്ട്.

**സംഘടനകൾ:**

**ലിറ്റിൽ കൈറ്റ്സ് :**

മൂന്ന് ബാച്ചുകളിലായി ഏകദേശം 120 ഓളം കുട്ടികൾ ഈ സംഘടനയിൽ അംഗങ്ങളാണ്. കുട്ടികൾക്ക് IT മേഖലയിൽ ഉള്ള അഭിരുചി വർധിപ്പിക്കുന്നതിനും, ഭാവിയിൽ റോബോട്ടിക്സ്, ഇലക്ട്രോണിക്സ് തുടങ്ങിയ നൂതന ആശയങ്ങളിലേക്ക് വഴി തെളിക്കുന്നതിനും ആവശ്യമായ ക്ലാസ്സുകൾ കുട്ടികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ ഡിജിറ്റൽ ക്യാമറഉപയോഗം, സ്മാർട്ട് ക്ലാസ്സ് ഉപയോഗം , തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

**എസ്. പി സി , ജെ ആർ സി, സ്കൗട്ട് ആൻഡ് ഗൈഡ്** എന്നീ ക്ലബ്ബുകളും, ലൈബ്രറി, മൾട്ടീമീഡിയ ലാബ്, ലാംഗ്വേജ് ലാബ് ആധുനിക സൗകര്യങ്ങളോടു കൂടിയ ഡിജിറ്റൽ ലൈബ്രറിയും ഇവിടെ ഉണ്ട് . പിറന്നാൾ ദിവസങ്ങളിൽ കുട്ടികൾ സ്കൂളിൽ മധുരത്തിന് പകരം ലൈബ്രറിക്ക് ഒരു പുസ്തകം നൽകി വരുന്നു.



# പ്രസംഗം

# സാമൂഹികമാധ്യമങ്ങളും പുതുതലമുറയും

മാന്യസദസ്സിന് എന്റെ വിനീതമായ കൂപ്പുകൈ,
ഞാൻ അനുപർണ. ബി. കൃഷ്ണ.

ഞാൻ ഇന്ന് നിങ്ങളുടെ മുൻപിൽ എത്തിയിരിക്കുന്നത് 'സോഷ്യൽ മീഡിയയും പുതുതലമുറയും' എന്ന വിഷയത്തെ കുറിച്ച് സംസാരിക്കുവാനാണ്. ആദ്യമേ എല്ലാരോടും ആയി എനിക്കൊന്നു ചോദിക്കാനുണ്ട് 'നിങ്ങൾ ഒരു ദിവസം എത്ര സമയം ഫോണിൽ ചിലവഴിക്കാറുണ്ട്?' എങ്ങനെ പോയാലും മൂന്നു നാലു മണിക്കൂർ എങ്കിലും കുറഞ്ഞത് ഫോൺ ഉപയോഗിക്കാറുണ്ട് ശരിയല്ലെ? 'വീട്ടുകാരോടൊക്കെ മനസ്സ് തുറന്നു സംസാരിച്ചിട്ട്, സമയം ചിലവഴിച്ചിട്ട് എത്ര കാലമായി കാണും' കുറെ കാലം ആയിട്ടുണ്ടല്ലേ? ചുറ്റുപാടൊക്കെ ആസ്വദിക്കാതെയും കുറെ നാൾ ആയില്ലേ? ഇതിനെല്ലാം പകരം നാം സമയം ചിലവഴിക്കുന്നത് ഫോണുകളിലും സോഷ്യൽമീഡിയകളിലുംഅല്ലെ?



സോഷ്യൽ മീഡിയ, ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്നവയാണ്. നമ്മുടെ വിനോദത്തിനും ആശയ വിനിമയം എളുപ്പമാക്കാനും വാർത്തകൾ ഉടൻ അറിയുവാനും വേണ്ടി നിർമ്മിച്ചവയാണ് സോഷ്യൽ മീഡിയകൾ എന്നാൽ, ഇന്നത്തെ തലമുറ അവയെ ദുരുപയോഗം ചെയ്യുകയാണ്. സോഷ്യൽ മീഡിയ എന്നത് ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ

പോലെയാണ്, ഗുണങ്ങളും ഉണ്ട് ദോഷങ്ങളും ഉണ്ട്, അത് എങ്ങനെ ഒരാൾ ഉപയോഗിക്കുന്നു എന്നനുസരിച്ചിരിക്കും ദോഷങ്ങളെക്കാൾ കൂടുതൽ ഗുണങ്ങൾ ആയതുകൊണ്ടാണ് ഇന്നും സോഷ്യൽ മീഡിയകൾ നിലനിന്നു പോകുന്നത്.

സോഷ്യൽ മീഡിയയുടെ ഉപയോഗങ്ങളെ നോക്കുമ്പോൾ, എളുപ്പമായി ആശയ വിനിമയം നടത്താം, വാർത്തകൾ ഉടൻ അറിയാം, സംശയങ്ങൾ എളുപ്പം തീർക്കാം, വിദ്യാഭ്യാസം എളുപ്പമാക്കാം അങ്ങനെ അങ്ങനെ വിവരിക്കാൻ കഴിയാത്ത വിധം അത്രയും ഉപയോഗങ്ങൾ ഉണ്ടെങ്കിലും ഇവയുടെ മോശം വശങ്ങൾ അതിലേറെയാണ്.

സോഷ്യൽ മീഡിയയുടെ ദൂഷ്യവശങ്ങൾ നോക്കുമ്പോൾ, സോഷ്യൽ മീഡിയ അല്ലെങ്കിൽ ഫോണിനോടുള്ള ആസക്തി, സൈബർ അക്രമങ്ങൾ, മുഖാ മുഖമുള്ള സംഭാഷണങ്ങളുടെ കുറവ്, ഹാക്കിങ്, ശാരീരിക - മാനസിക രോഗങ്ങൾ, ഉറക്ക കുറവ്, ദിനചര്യയിൽ ശ്രദ്ധ വ്യതിചലിപ്പിക്കുന്നു തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് വഴി ഒരുക്കുന്നു.

നമ്മുക്ക് ആസക്തിയെ കുറിച്ച് സംസാരിക്കാം, ഈ പ്രശ്നങ്ങളുടെ എല്ലാം പ്രധാന കാരണം ആസക്തി ആണ്. ആദ്യമേ ചെറിയ തോതിൽ ആരംഭിക്കുന്ന ഈ പ്രശ്നങ്ങൾ അധികം വൈകാതെ വലിയ ഒരു പ്രശ്നം ആയി മാറും. ആസക്തി മൂലം പതിയെ എല്ലാത്തിനോടും ഉള്ള താൽപ്പര്യം കുറഞ്ഞു വരും. പ്രകൃതി, മാതാപിതാക്കൾ, കൂട്ടുകാർ അങ്ങനെ എല്ലാത്തിനോടും അവസാനം തനിയെ മതി എന്നും ഫോണും സോഷ്യൽ മീഡിയയും മാത്രം മതി എന്നുംഒക്കെതോന്നും.

സ്വന്തം നാടിനെയും മാതാപിതാക്കളെയും എല്ലാം അവഗണിക്കുകയാണ് ഇന്നത്തെ തലമുറ. ഫോണിനോടുള്ള ആസക്തി മൂലം ചുറ്റും ഉള്ള കാഴ്ചകളെ കാണുവാനോ ആസ്വദിക്കാനോ ആർക്കും സമയമോ താൽപ്പര്യമോ ഇല്ല. കാച്ചികുറുക്കിയ കവിതകളുടെ കവി എന്നറിയപ്പെടുന്ന വൈലോപ്പിള്ളി ശ്രീധരമേനോന്റെ "വിഷുക്കണ്ണി" എന്നാ കവിതയിലെ 'ഏതു ധൂസര സങ്കൽപങ്ങളിൽ വളർന്നാലും ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും മനസ്സിൽ ഉണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും മണവും മമതയും ഇത്തിരി കൊന്നപൂവും.' ഈ വരികൾ

ഇന്നത്തെ തലമുറയിലെ ഓരോ മനുഷ്യനും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്.

ഇനിയെങ്കിലും സ്വന്തം നാടിനെയും മണ്ണിനേയും മാതാപിതാക്കളെയും കൂട്ടുകാരെയും സ്നേഹിച്ചു അവരുമായി സമയം ചിലവഴിക്കാൻ ശ്രമിക്കുക. വെറുതെ ഇരുന്നു മടുക്കുമ്പോ താൽപ്പര്യം ഇല്ലെങ്കിലും പുസ്തകങ്ങൾ വായിക്കുവാനും, ശ്രമിക്കുക. പരമാവധി ഫോണിന്റെ അമിതമായ ഉപയോഗം കുറയ്ക്കുക. ഒരിക്കലും തിരികെ ലഭിക്കാത്ത ഈ കുട്ടികാലമൊക്കെ ആസ്വദിക്കുക. കഴിഞ്ഞ തലമുറയ്ക്ക് പറ്റിയ തെറ്റുകൾ പിന്നെയും ആവർത്തിക്കാതെ ഒറ്റകെട്ടായി നമുക്ക് പുതുതലമുറയെ നിർമ്മിക്കാം. നല്ലൊരു ദിനം ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി നമസ്കാരം.



അനുഭവക്കുറിപ്പ്

# ഒരു മൂന്നാർ യാത്ര

വളരെ നാളായി അവധിക്കാലത്ത് കറങ്ങാൻ പോകാൻ ആലോചിക്കുന്നു. അപ്പോൾ ഫാമിലിയായിട്ട് ഒരു മൂന്നാർ യാത്ര പോകാമെന്ന് ഒരു ആശയം വന്നു. എന്നാൽ പിന്നെ ഞാനും എന്റെ ഫാമിലിയുമായി എന്തായാലും പോയേക്കാം എന്ന് തീരുമാനിച്ചു. ഞങ്ങൾ അങ്ങനെ വീട്ടിൽ നിന്നും ഇറങ്ങി യാത്ര വളരെ നല്ല രീതിയിൽ തന്നെ പോയി. അങ്ങനെ ഞങ്ങൾ മൂന്നാർ എത്താറായപ്പോഴേക്കും മനോഹരമായ തേയിലത്തോട്ടം കണ്ടു തുടങ്ങി. വളരെ മനോഹരമായ ചെറുതോടുകൾ, ഇതെല്ലാം കാണാൻ വളരെ മനോഹരമായിരുന്നു. തോട്ടിലെ വെള്ളത്തിന് നല്ല തണുപ്പ് ആയിരുന്നു. അതിൽ മീനുകളും ഉണ്ടായിരുന്നു. അവിടുത്തെ ആകാശവും വളരെ മനോഹരമായിരുന്നു. ഞങ്ങൾ പോകുന്ന വഴി ഗതാഗത തടസ്സം വളരെ രൂക്ഷമായിരുന്നു, എങ്കിലും ഞങ്ങൾ കുറെ സമയത്തിന് ശേഷം ഞങ്ങൾ ബുക്ക് ചെയ്ത റിസോർട്ടിൽ എത്തി. വളരെ മനോഹരമായ ഒരു റിസോർട്ട് ആയിരുന്നു അത്. അവിടെ വളരെ മനോഹരമായ ഒരു വ്യൂ പോയിന്റും ഉണ്ടായിരുന്നു.



അവിടെ രാത്രിയായപ്പോൾ വളരെ തണുപ്പ് ആയതുകൊണ്ട് ഞങ്ങൾ ക്യാമ്പ് ഫയറും ഇട്ടു. അവിടെ ഞങ്ങൾ എല്ലാവരും പാട്ടു പാടിയും, ഡാൻസ് കളിച്ചും രസിച്ചു. എന്നിട്ട് കിടന്നുറങ്ങി രാവിലെ എഴുന്നേറ്റ് നോക്കിയപ്പോൾ വളരെയധികം കോടമഞ്ഞ് ഉണ്ടായിരുന്നു.

തിരിച്ചുപോകാൻ ഞങ്ങളെല്ലാം പാക്ക് ചെയ്തു അങ്ങനെ അവിടെനിന്നു ഇറങ്ങി. അങ്ങനെ ഞങ്ങൾ കാറിൽ യാത്ര തുടർന്നു പിന്നെ ഒരു ചെറിയ കടയിൽ ചായ കുടിക്കാൻ വേണ്ടി കയറി. അവിടുത്തെ ചായ നല്ലതായിരുന്നു. പിന്നെ തിരിച്ചു വന്നവഴി ചെറിയ രീതിയിൽ ചാറ്റൽ മഴയുണ്ടായിരുന്നു, അതിനോടൊപ്പം വളരെയധികം തണുപ്പും ഉണ്ടായിരുന്നു. ഇങ്ങനെ എന്റെ ഈ സന്തോഷവും ആഹ്ലാദഭരിതവുമായ മൂന്നാർ യാത്ര ഇവിടെ അവസാനിക്കുന്നു.

- ആയുഷ് എ -

# മയക്കുമരുന്ന് ആസക്തി

ഇന്ത്യയിൽ അമ്പതുലക്ഷത്തിൽപ്പരം ആളുകൾ മയക്കുമരുന്നിന് അടിമകളായിത്തീർന്നിട്ടുണ്ടെന്നാണ് ഏകദേശമായ ഒരു കണക്ക്. അതു പോലെ രാജ്യത്തുനടക്കുന്ന പലഅക്രമസംഭവങ്ങൾക്കു പിന്നിലും മയക്കുമരുന്നിന്റെ സ്വാധീനം കണ്ടെത്തിയിട്ടുണ്ട്.

സമ്പന്നരാഷ്ട്രങ്ങളിലായിരുന്നു അമിതമായമയക്കുമരുന്നിന്റെ ഉപ ഭോഗം ഉണ്ടായിരുന്നത്. എന്നാലത് ഇന്ത്യയിലും വ്യാപകമായിക്കഴിഞ്ഞു. യുവാക്കളെയാണ് മയക്കുമരുന്ന് ഏറെ ആകർഷിക്കുന്നത്. പുകവലിയിൽ നിന്നാണ് ഈ ദുശ്ശീലം ആരംഭിക്കുന്നത്. പുകവലിക്കാർ ക്രമേണ മദ്യത്തിന് അടിമകളായിത്തീരും. കുറേക്കഴിയുമ്പോൾ കൂടുതൽ ലഹരിയുടെ ലോകത്തെത്തുന്നതിനുവേണ്ടി അവർ മയക്കുമരുന്നിനെ ആശ്രയി ക്കുന്നു.

വിദ്യാർത്ഥികളുടെ ഇടയിലാണ് മയക്കുമരുന്നിന്റെ വില്പന ഏറ്റവും കൂടുതലായി നടക്കുന്നത്. ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ ഒരിക്കലും മോചനം നേടാനാകാത്ത ഒരു സ്ഥിതിയിലെത്തിച്ചേരും. ക്രമേണ ഉപ ഭോക്താക്കൾ മാനസികരോഗത്തിനടിമകളാകും. ആദ്യമൊക്കെ ഒരു ഹോബിയായിട്ടാണ് ആളുകൾ ഇതിനെ കാണുന്നത്. എന്നാൽ കുറേക്കഴിയുമ്പോൾ ഇതുകൂടാതെ കഴിയാൻ പറ്റാത്ത അവസ്ഥയിലെത്തിച്ചേരും.

മയക്കുമരുന്ന് നമ്മുടെ ഹൃദയത്തിന്റെയും തലച്ചോറിന്റെയും പ്രവർത്തനം മന്ദീഭവിപ്പിക്കും. വിനാശകരമായ ആ വിഷത്തിനടിപ്പെട്ടാൽ ഭ്രാന്തരെപ്പോലെ ഭാവിജീവിതം കഴിച്ചുകൂട്ടേണ്ടതായിവരും. പല രോഗങ്ങളും വന്ന് അകാല ചരമം അടയുന്നതിനും ഇടയാക്കും. മയക്കുമരുന്ന് ഉപയോഗിച്ചുശീലിച്ചവർ അതുകിട്ടാതെ വന്നാൽ അക്രമകാരികളായി മാറുന്നതു കാണാം.

രാജ്യത്തുനടക്കുന്ന പലകൊലപാതകങ്ങളുടെയും പീഡനങ്ങളു ടെയും പിന്നിലെ ചേതോവികാരം മയക്കുമരുന്നിൽനിന്നാണെന്നു കണ്ട ത്തിയിട്ടുണ്ട്. മയക്കുമരുന്ന് വില്പനനടത്തുന്നതും ഉപയോഗിക്കുന്നതും കുറ്റകരമാണെന്ന് നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പക്ഷേ പലതും പിടിക്കപ്പെടാതെപോകുന്നു. വിദ്യാർത്ഥികൾ, തൊഴിലാളികൾ, മദ്യപാ നികൾ എന്നിവരുടെ ഇടയിലെല്ലാം ഈ തൊഴിൽ വ്യാപകമായ തോതിൽ ഇന്നും നടക്കുന്നു.

ആൺപെൺ വ്യത്യാസമില്ലാതെ മയക്കുമരുന്നിന് അടിമകളായ വരെപ്പറ്റി നാം കേട്ടിട്ടുണ്ട്. പലരും പോലീസിന്റെ പിടിയിലായി ശിക്ഷയ നുഭവിക്കുന്നതായും നമുക്കറിയാം. എങ്കിലും ഇത് ഉന്മൂലനാശം ചെയ്യു വാൻ നമുക്കായിട്ടില്ല. എത്രയെത്ര കുടുംബങ്ങളാണ് ഇതിന്റെപേരിൽ കണ്ണീരു കുടിക്കുന്നത് എത്രജീവനാണ് ഇതിന്റെ പേരിൽ ഓരോദിവ സവും പൊലിയുന്നത്.

മയക്കുമരുന്നിന്റെ ഉപഭോഗം തടയുന്നതിനുവേണ്ടി മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവരെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളുടെ ഓരോദിവസവുമുള്ള പ്രവൃത്തികളും സ്വഭാവവിശേഷങ്ങളും നിരീക്ഷിച്ചു മനസ്സിലാക്കണം. ചീത്തക്കൂട്ടുകെട്ടിനുള്ള സാഹചര്യം ഒഴിവാക്കണം. സ്കൂൾ, കോളേജ് തലങ്ങളിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ വേണ്ടത്ര ബോധവൽക്കരണം നടത്തണം. ദൃശ്യമാധ്യമങ്ങളിലൂടെ ഇതിനെതിരെ പ്രചാരണം നടത്തണം.

ഭ്രാന്തമായ ഒരു ലോകത്തെ സൃഷ്ടിക്കാൻ നാം കൂട്ടുനിൽക്കരുത്. മയക്കുമരുന്നു വില്പനനടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അധികാരി കളെ വിവരം അറിയിക്കണം. കുടുംബാംഗങ്ങൾ തമ്മിൽ എന്നും കൂട്ടായി ചർച്ച നടത്തണം. ഒറ്റയ്ക്കിരുന്നു ചിന്തിക്കുന്നവരേയും ഒറ്റയ്ക്കു കഴിയാൻ ഇഷ്ടപ്പെടുന്നവരെയും പ്രത്യേകം നിരീക്ഷിക്കണം. അവരെ നേരായ മാർഗ്ഗത്തിലെത്തിക്കാൻ വേണ്ടകാര്യങ്ങൾ ചെയ്യണം. ഈ വിഷം നാട്ടിൽ പരത്താൻ അനുവദിക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കണം.

- ഹന്ന സാന്റി -

# എൻ സൗഹൃദം

ആളൊഴിഞ്ഞ ക്ലാസ് മുറികളിലൂടെ
ഈ വിദ്യാലയത്തിൻ പടികളിലൂടെ
ഒരു ചിറകൊടിഞ്ഞ പക്ഷിയെ പോലെ
ഞാൻ നീങ്ങിയപ്പോൾ.
ഞാൻ ആരെയോ തിരയുന്നതായി
അവർക്ക് തോന്നി. അവരുടെ
സൗഹൃദത്തിൻകൂട്ടിലേക്ക് എന്നെ ചേർത്തുവെച്ചു.
ആ സൗഹൃദത്തിൻ കൂട്ടിൽ അന്ന്
ഞാൻ ആനന്ദിച്ചിരുന്നു.
ഇന്നാ കൂട് എന്നെ വിട്ടകന്നു.
നിശബ്ദമായ ഈ വരാന്തകൾ
എന്നിൽ ദുഃഖമായി മാറുന്നു.
സൂര്യന്റെ ചൂടിൽ വാടി തളർന്ന ഞാൻ
ഏകനായി നിൽക്കുന്നു.
വിരഹത്തിൻ നോവിന് ഇത്ര
വേദനയോ ?
ആ സൗഹൃദത്തിൻ കൂട് ഇനി ഒരുക്കുവാൻ
ഒരിക്കൽ അതിൽ ഒന്നിക്കാൻ
ഒരിക്കൽ എന്നരികിൽ എത്തുന്ന സൗഹൃദത്തിൻ
പുതിയ താളത്തിനായ് ഞാൻ കാതോർക്കുന്നു.

- ജഗന്നാഥ് എ. ജെ -

**കഥ**


# ദൈവത്തിൽ വിശ്വസിക്കുന്നവൻ

പണ്ട് ജോൺ എന്നൊരു കുട്ടിയുണ്ടായിരുന്നു. അവൻ എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു. അവൻ അനാഥാലയത്തിൽ ആയിരുന്നു താമസിച്ചിരുന്നത്. അവന് ഒരു സഹോദരി ഉണ്ടായിരുന്നു. അവൾ വളരെ ദയാലുവും സുന്ദരിയുമായിരുന്നു. ഒരു വീട് വാങ്ങി സഹോദരിയോടൊപ്പം താമസിക്കണമെന്നായിരുന്നു അവൻ്റെ ആഗ്രഹം. അങ്ങനെ ജോൺ ഒരു കൗമാരക്കാരനായി. അവൻ ഒരു ജോലിയും താമസിക്കാൻ ഒരു വീടും അന്വേഷിക്കുകയായിരുന്നു. ഒടുവിൽ അവന് താമസിക്കാൻ ഒരു ചെറിയ വീട് ലഭിച്ചു. അവൻ തൻ്റെ സഹോദരിയുമായി വളരെ സന്തുഷ്ടനായിരുന്നു, അയാൾക്ക് ഒരു ചെറിയ ജോലി ലഭിച്ചു.ഒരു ദിവസം തന്റെ ജോലിക്ക് പോകാൻ ഒരുങ്ങിയ ജോൺ. വഴിയിൽ വെച്ച് ഒരു മനുഷ്യൻ തണുത്ത് വിറച്ചു കിടക്കുന്നത് കണ്ട് തന്റെ ഷർട്ട് ഊരി പുതപ്പിച്ച് അദ്ദേഹത്തെ ശുശ്രൂഷിച്ചു. അപ്പോഴാണ് ജോൺ അദ്ദേഹത്തിന് നല്ല പനിയാണെന്ന് അറിയുന്നത്. അവിടെ വച്ച് തന്നെ ജോൺ ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവമേ അങ്ങ് നല്ലവനല്ലോ ഈ വൃദ്ധന്റെ പനി അങ്ങ് മാറ്റി കൊടുക്കണമേ എന്ന് പ്രാർത്ഥിച്ചു. അങ്ങനെ ജോൺ തന്റെ വീട്ടിൽ തിരിച്ചെത്തി എന്തോ ശരിയല്ലെന്ന് ജോണിന് തോന്നി തന്റെ സഹോദരിയുടെ അടുത്ത് ചെന്നപ്പോൾ അവൾ കുഴഞ്ഞ് നിലത്ത് കിടക്കുന്നു. ഇത് കണ്ട ജോൺ തന്റെ സഹോദരിനെ എടുത്തുകൊണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നു.

അവിടെ ചെല്ലുന്ന ജോണിന് തന്റെ മനസ്സ് തകർന്നുപോകുന്ന വേദനയുണ്ടാവുന്നു തന്റെ സഹോദരിക്ക് ഒരു ക്യാൻസർ ഉണ്ടെന്നും അതിന് ചികിത്സിക്കാൻ പണമില്ലെന്നും എന്ന് ജോൺ തിരിച്ചറിയുന്നു തകർന്ന മനസ്സുമായി തിരികെ വരുന്ന ജോൺ ദൈവത്തോട് കരഞ്ഞ് പ്രാർത്ഥിക്കുന്നു.എന്ത് ചെയ്യുമെന്ന് അറിയാതിരിക്കുന്ന ജോൺ തന്റെ ബൈബിൾ എടുത്തു വായിക്കുന്നു. അതിൽ ഇങ്ങനെയായിരുന്നു "ഞാൻ മനസ്സ് തകർന്ന വരെ രക്ഷിക്കുന്നു" ഇത് കണ്ട ജോൺ നേരെ ഹോസ്പിറ്റലിലേക്ക് പോകുന്നു ദൈവം തന്നെ സഹായിക്കും എന്ന് ഉറച്ച വിശ്വാസത്തോടെ ചെല്ലുന്ന ജോണിനോട് ഡോക്ടർസ് പറയുന്നു ഇത്ര പെട്ടെന്ന് തന്നെ തന്റെ സഹോദരിയുടെ ക്യാൻസർ മാറിക്കൊണ്ടിരിക്കുന്നു എന്ന് പറഞ്ഞു. അതിന് ജോൺ ഞാൻ പണമൊന്നും അടച്ചിട്ടില്ലല്ലോ പിന്നെ

എങ്ങനെയാണ് മെഡിസിൻസ് ഒക്കെ കിട്ടുന്നത് എന്ന് ചോദിച്ചു അതിന് ഡോക്ടർ പറഞ്ഞു ആരോ ഒരാൾ വന്ന് താങ്കളുടെ ബില്ലുകൾ മൊത്തം അടച്ചിട്ടുണ്ട് എന്ന് പറഞ്ഞു. ഇത് കേട്ട ജോണിന് വളരെ സങ്കടവും സന്തോഷവും തോന്നി തന്റെ ദൈവത്തെ മഹത്വപ്പെടുത്തി. ദിവസങ്ങൾ കഴിഞ്ഞു തന്റെ സഹോദരി പൂർണ്ണമായും സൗഖ്യമായി. അങ്ങനെ ദൈവത്തിൽ വിശ്വസിച്ചു കൊണ്ട് ജോൺ തന്റെ സഹോദരിയുടെ കൂടെ സന്തോഷമായി ജീവിക്കുന്നു.

- ജാസ്മിൻ
ജസ്റ്റിൻ -



# കവിത

## പച്ചതത്ത

പച്ചത്തത്തേ സുന്ദരീ
പാട്ടുംപാടി വായോടി!
മാവിൻ തോപ്പിൽ പാറിനടക്കും
പച്ചത്തത്തെ സുന്ദരീ!
മാന്തളിർ നിറയെ ഉണ്ടിട്ടോ,
മാമ്പഴമേറെ തിന്നിട്ടോ,
ചെഞ്ചോപ്പായി നിൻ ചുണ്ട്,
ചൊല്ലുക ചൊല്ലുക തത്തമ്മേ
എന്നുടെ കൂടെ പൊന്നെന്നാൽ,
പാലും പഴവും നൽകാം ഞാൻ.
കൂട്ടുകൂടാൻ വരുമെങ്കിൽ
പേരും ചൊല്ലി വിളിക്കാം ഞാൻ.
കൂടെ പോരാൻ മടിയെന്തോ?
നിൻക്കുട്ടിനക്കത്തൊരു കുഞ്ഞുണ്ടോ?
പച്ചത്തത്തേ മൊഞ്ചത്തി,
പാട്ടുപാടും വായോടി.

- ജോർദ്ദാൻ അനിൽ -

# ഉപന്യാസം

## ആത്മാർത്ഥ സുഹൃത്ത്

സുഹൃത്തുക്കൾ ഒരനുഗ്രഹമാണ്. ആവശ്യത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ ചങ്ങാതി. പ്രതിസന്ധികളിൽ ഉപേക്ഷിച്ചുപോകുന്നവൻ യഥാർത്ഥ മിത്രമല്ല. ഒരുവന് ഒരേയൊരു ആത്മാർത്ഥ സുഹൃത്തുണ്ടെങ്കിൽപ്പോലും അവൻ ഏറെ അനുഗ്രഹീതനാണ്. ഇന്നത്തെ ഈ തിരക്കുപിടിച്ച ലോകത്തിൽ യഥാർത്ഥ സൗഹൃദബന്ധങ്ങൾ വിരളമാണ്.ബന്ധുമിത്രാധികളെക്കാൾ ആശ്രയയോഗ്യനാണ് ഒരു യഥാർത്ഥ മിത്രം. മനുഷ്യചോദനകളിൽ ഏറ്റവും ഉദാത്തമായ ഒന്നാണ് സുഹൃദ്ബന്ധം. സമ്പത്തിൽ സഖിമാരനേകം. എന്നാൽ പ്രയാസങ്ങളിൽ തുണയേകാൻ യഥാർത്ഥമിത്രങ്ങളേ ഉണ്ടാവൂ. സുഹൃത്തുക്കളില്ലെങ്കിൽ ജീവിതത്തിന് മധുരമോ സുഗന്ധമോ ഉണ്ടാവുകയില്ല.

ആത്മാർത്ഥതയും വിശ്വസ്തതയുമാണ് സുഹൃദ്ബന്ധങ്ങളുടെ കാതൽ. ഇതില്ലാത്ത ചങ്ങാത്തങ്ങൾ പൊള്ളയായ വെറും നാട്യങ്ങളായിമാറും. കപടമിത്രങ്ങൾ ശത്രുക്കളെക്കാൾ അപകടകാരികളാണ്. ആത്മാർത്ഥ സുഹൃത്തുക്കൾ ഇക്കാലത്ത് വിരളമാണ്. സാർത്ഥലാഭത്തിനായി ചങ്ങാത്തം നടിച്ചുവരുന്നവരാണ് അധികവും. ആപത്ഘട്ടങ്ങളിൽ അവർ മാറിക്കളയും. നമ്മുടെ സന്തോഷത്തിലും അഭിവൃദ്ധിയിലും സൗഭാഗ്യങ്ങളിലും മാത്രം പങ്കു പറ്റാൻ മിത്രത നടിച്ചുവരുന്ന പലരുമുണ്ടാകാം. ആയതിനാൽ നല്ല സുഹൃത്തുക്കൾ ആരൊക്കെയെന്നു നാം വിവേചിച്ച് അറിയേണ്ടതുണ്ട്. മധുരമായി സംസാരിച്ചതുകൊണ്ടോ നമ്മുടെ സന്തോഷങ്ങളിൽ ഭാഗഭാക്കായതുകൊണ്ടാ ആരും നമ്മുടെ യഥാർത്ഥ മിത്രമാകുന്നില്ല. അവർ നമ്മുടെ വിലപ്പെട്ട സമയവും സമ്പത്തും കൊള്ളയടിക്കുന്നവരാണ്. ചതിയന്മാരായ ചങ്ങാതിമാരെ എക്കാലത്തും എവിടെയും കാണാം. എന്നാൽ സുഹൃത്തിനുവേണ്ടി പ്രാണൻപോലും ത്യജിക്കാൻ സന്നദ്ധരായവരെയും കാണാം. അത്തരക്കാർ വിരളമാണെന്നു മാത്രം.

ആത്മാർതയും കലർപ്പുമില്ലാത്ത സുഹൃദ്ബന്ധം തേടുന്നവരാണ് എല്ലാവരും. കാരണം അതിനേക്കാൾ വലുതായി ഒന്നുമില്ല. യഥാർത്ഥ സുഹൃദ്ബന്ധത്തിന്റെ മൂല്യവും പ്രയോജനങ്ങളും കണക്കുകൂട്ടുന്നതിനും അപ്പുറമാണ്. അത് പരസ്പരബന്ധം, വിശ്വാസം, സഹകരണം, സഹിഷ്ണുത, ത്യാഗബുദ്ധി, സമർപ്പണം, ആത്മനിയന്ത്രണം തുടങ്ങിയ ഗുണങ്ങൾക്ക് ഒരു പ്രചോദനമാണ്. മനുഷ്യന്റെ മഹത്വം കൂടികൊള്ളുന്നത് കലർപ്പില്ലാത്ത സുഹൃദ്ബന്ധങ്ങളിലാണ്. സുഹൃത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗത്തേക്കാൾ മഹത്തരമായി ഒന്നുമില്ല. സ്നേഹവും ത്യാഗമനോഭാവവുമാണ് യഥാർത്ഥ മൈത്രീബന്ധത്തിന്റെ അടയാളങ്ങൾ. യഥാർത്ഥ സൗഹൃദം വളരെ ഉത്തരവാദിത്വങ്ങളും, കടമകളും കടപ്പാടുകളും, ത്യാഗബുദ്ധിയും നിറഞ്ഞതാണ്. യഥാർത്ഥമിത്രങ്ങൾ ഏതൊരു അഗ്നിപരീക്ഷയിലും നമ്മോടു ചേർന്നു നിൽക്കും. മനുഷ്യർ തമ്മിൽ മാത്രമല്ല മിത്രത, മനുഷ്യർക്കു മൃഗങ്ങളോടും മിത്രതയാകാം.

- സാരംഗ് നിബു -

# ലഹരിയും യുവതലമുറയും

ഏകദേശം 10 വയസ്സ് മുതൽ 25 വയസ് വരെയുള്ള കാലം നമ്മുടെ ജീവിതത്തിലെ പരീക്ഷണ കാലഘട്ടമാണ്, നമ്മുടെ ജീവിതത്തിലെ തെറ്റും ശെരിയും ഏതാണെന്ന് തിരിച്ചറിയേണ്ട ഒരു കാലം കൂടിയാണ് ഇത്. ഈ കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് ലഹരി.

ലഹരി ശെരിക്കും 2 രീതിയിലുണ്ട് നല്ല ലഹരിയും ചീത്ത ലഹരിയും. ജീവിതം ഒരു നല്ല ലഹരിയാണ്. അതേപോലെ സംഗീതം ഉൾപ്പെടുന്ന കലകളും പക്ഷെ ഇതുകൂടാതെ മറ്റൊരു വിഭാഗം ഉണ്ട് മദ്യം, മയക്കമരുന്ന് തുടങ്ങിയ ചീത്ത ലഹരികൾ. ശെരിക്കും പറഞ്ഞാൽ ഇതാണ് നമ്മെ കുഴപ്പിക്കുന്നത്, അതായത് നമ്മുടെ ജീവിതത്തെ തകിടം മറക്കുന്ന ഒരു വിഭാഗം ആണിത്. യഥാർത്ഥത്തിൽ ഇതു നമ്മൾ ഉപയോഗിക്കാൻ തുടങ്ങുന്നതിന്റെ ഒരു പ്രധാന കാരണം നമ്മുടെ കൂട്ടുകാരുടെ സമർദ്ധമാണ്. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു ചൊല്ലുണ്ട്,പക്ഷെ ചങ്ങാതി മോശമായാലോ. മറ്റു കുട്ടികൾ ഈ ലഹരി ഉപയോഗിക്കുന്നുണ്ട്. എന്നാൽ നാം അത് ഉപയോഗിക്കുന്നില്ല അതുകൊണ്ട് അവരുടെ ആ സമ്മർദ്ധവും, അവർ നയിക്കുന്ന ആഡംബര ജീവിതവും നമ്മെ ഇത് ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു . ഇതു ഉപയോഗിച്ചാൽ ഒരു പരിധി വരെ നമുക്ക് അത് നിർത്താൻ സാധിക്കും എന്ന തെറ്റിദ്ധാരണയാണ് ഇതിലേക്ക് നമ്മേ നയിക്കുന്നത് പക്ഷേ നമ്മൾ വീണ്ടും അതിലേക്ക് അടിമപ്പെടുന്ന ഒരു അവസ്ഥയിലേക്കാണ് നാം എത്തിച്ചേരുക.

ഉദാഹരണത്തിന് ഇപ്പോൾ അതൊരു സൗജന്യമായ മിട്ടായിയുടെ രൂപത്തിൽ ആയിരിക്കും നമുക്ക് ആദ്യം കിട്ടുന്നത്, പക്ഷെ പിന്നീട് വരും തോറും അതിനു പൈസ ഏർപ്പെടുത്തും. ചിലപ്പോൾ പൈസ കിട്ടാതിരിക്കുന്നതിനാൽ ആയിരിക്കാം അതിനു വേണ്ടി പല കുറ്റകൃത്യങ്ങളും ആളുകൾ ചെയ്യുന്നത്. അവസാനം അച്ഛനെയും അമ്മയെയും ഒക്കെ ഈ കുറ്റകൃത്യത്തിന് ഇരയാകുന്നു . അതിനാൽ

തന്നെയാണ് സ്കൂളിന് 100 മീറ്റർ ചുറ്റളവിൽ യാതൊരു ലഹരി വസ്തുക്കളും വിൽക്കരുത് എന്ന നിയമം വന്നത്. എസ് പി സി, എന്നെ വിഭാഗം സ്കൂളിൽ ആരംഭിച്ചത് തന്നെ ലഹരിക്ക് എതിരെ പോരാടാനാണ്. പണ്ട് അര മണിക്കൂർ എങ്കിലും വീട്ടുകാരോട് സംസാരിക്കുന്നവർ ഒരു ദിവസത്തിൽ നടന്ന കാര്യങ്ങൾ കൂട്ടുകാരോടോ, ടീച്ചർമാരോടൊ, വീട്ടുകാരോടോ പറയാൻ വരെ കുട്ടികൾക്കു എന്ന് താല്പര്യം ഇല്ല. പക്ഷെ അന്നന്നു നടക്കുന്ന കാര്യങ്ങൾ മാതാപിതാക്കളോട് പറഞ്ഞാൽ മാത്രമേ അതിലെ നല്ലതും ചീത്തയും അവർക്കു നമ്മളോട് പറഞ്ഞു തരാൻ സാധിക്കുകയൊള്ളു. അതിലൂടെ നമുക്ക് ശെരിയായ വഴി തിരഞ്ഞെടുക്കാൻ സാധിക്കും. ഇനി വരുന്ന തലമുറ ലാഹരിക്കടിമപ്പെട്ട തലമുറ എന്ന് അറിയപ്പെടാതെ ലഹരിയെ കീഴ്പ്പെടുത്തിയ തലമുറ എന്ന് അറിയപ്പെടാൻ സാധിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

നന്ദി ,നമസ്കാരം.

- ഗ്രീഷ്മ ഗിരീഷ് -

## അനുഭവക്കുറിപ്പ്

# ലിറ്റിൽ കൈറ്റുകളിൽ നിന്ന് എനിക്ക് ലഭിക്കുന്ന നേട്ടങ്ങൾ

ലിറ്റിൽ കൈറ്റ്സ് എനിക്ക് എപ്പോഴും മനോഹരമായ ഓർമ്മകൾ സമ്മാനിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ഇത് എനിക്ക് നൽകിയിട്ടുണ്ട്. ഞങ്ങളുടെ കൈറ്റ് മാസ്റ്ററുടെയും കൈറ്റ് മിസ്ട്രസിൻ്റെയും നിരീക്ഷണത്തിൽ പ്രൊജക്ടർ എങ്ങനെ ബന്ധിപ്പിക്കാം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ ഞാൻ പഠിച്ചു.

GIMP സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഇമേജ് എഡിറ്റ് ചെയ്യുന്നതെങ്ങനെയെന്ന് ഞാൻ പഠിച്ചു. ട്യൂപ്പി ട്യൂബ് ഡെസ്ക് ഉപയോഗിച്ച് ആനിമേറ്റ് ചെയ്യാൻ പഠിച്ചു. സ്ക്രാച്ചിലൂടെ പ്രോഗ്രാമിംഗ് പഠിച്ചു. ഓപ്പൺ ടൂൺസിലൂടെ വീഡിയോ എഡിറ്റിംഗ് പഠിച്ചു. ലിറ്റിൽ കൈറ്റ്സിലൂടെ ഞാൻ മൊബൈൽ ആപ്പ് ഡിസൈനിംഗിൻ്റെ അടിസ്ഥാനകാര്യങ്ങൾ പഠിച്ചു.

ഈ അസോസിയേഷൻ വഴിയാണ് ഞാൻ ആർട്ടിഫിഷ്യൽ ഇൻ്റലിജൻസിനെ കുറിച്ച് കൂടുതൽ അറിഞ്ഞത്. ഇതിലൂടെ ക്യാമറ ഉപയോഗിക്കാൻ ഞാൻ പഠിച്ചു. ആർഡ്വിനോ കിറ്റുകളുടെ സഹായത്തോടെ ഞാൻ റോബോട്ടിക്സ് പഠിച്ചു.

ലാപ്ടോപ്പുകളെ കുറിച്ചും സാങ്കേതികവിദ്യയെക്കുറിച്ചും ജിജ്ഞാസയുണ്ടായിരുന്ന ഞാൻ ലിറ്റിൽ കൈറ്റിസിലൂടെ അത് സാധ്യമാക്കി.ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്വത്തിൽ നടന്ന ഫ്രീഡം ഫെസ്റ്റിലൂടെ സോഷ്യൽ മീഡിയയെ കുറിച്ചും അതിൻ്റെ പാർശ്വഫലങ്ങളെക്കുറിച്ചും കൂടുതൽ പഠിച്ചു.എനിക്കും ഇതിൻ്റെ ഭാഗമാകാൻ കഴിഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ലിറ്റിൽ കൈറ്റ്സിന് പോസിറ്റീവുകൾ മാത്രമേയുള്ളൂ.

**– എയ്ഞ്ചൽമരിയ റ്റിജു**

# മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്

ഉറച്ച തീരുമാനങ്ങളാണ് വിജയത്തിലേക്കു നമ്മെ നയിക്കുന്നത്. ഒരാൾ എന്തെങ്കിലും ഒന്നു നിശ്ചയിച്ചുറപ്പിച്ചു കഴിഞ്ഞാൽ തീർച്ചയായും അത് വിജയകരമായി നടപ്പാക്കാനുള്ള മാർഗ്ഗവുമുണ്ടാകും. നിശ്ചയദാർഢ്യമുള്ളവൻ തന്റെ തന്നെ ഈശ്വരനാണ്. അവനെ തടയാൻ ആർക്കും കഴിയില്ല. നിശ്ചയദാർഢ്യമുള്ളവനേ അസാധ്യമായതു നേടാൻ ധൈര്യപൂർവ്വം ഇറങ്ങിപ്പുറപ്പെടൂ. മനസ്സ് മുമ്പോട്ടു കുതിക്കുമ്പോൾ ശരീരത്തിന് നമ്മെ പിന്നിലേക്കു വലിക്കാൻ കഴിയില്ല. യജമാനൻ കല്പിച്ചാൽ സേവകന് അനുസരിക്കാതെ വയ്യല്ലോ. എല്ലാവർക്കുമുണ്ട് വലിയവലിയ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും. എന്നാൽ പലരും ജീവിതത്തിൽ ദയനീയമായി പരാജയപ്പെടുന്നു. ദൃഢനിശ്ചയത്തിന്റെ അഭാവമാണിതിന് കാരണം.

മഹാൻമാരും മഹതികളുമെല്ലാം നല്ല മനക്കരുത്തുള്ളവരായിരുന്നു. അവരുടെ ആഗ്രഹങ്ങൾ വെറും ആശകളായിരുന്നില്ല. ഒരിക്കൽ തീരുമാനിച്ചുറപ്പിച്ചു കഴിഞ്ഞാൽപ്പിന്നെ അവർ ലക്ഷ്യത്തിൽനിന്നു പിന്തിരിയുകയില്ല. തങ്ങളുടെ ലക്ഷ്യസാക്ഷാത്കാരത്തിനായി എത്ര വിഷമങ്ങൾ സഹിക്കാനും അവർ തയ്യാറാണ്. വിജയംകിരീടം ചൂടിയിട്ടു മാത്രമേ അവർ തൃപ്തരാവുകയുള്ളൂ. എന്നാൽ പരാജിതരോ? 'മീൻ തിന്നാൻ കൊതിയുണ്ട്. പക്ഷേ, കാൽ നനക്കാൻ വയ്യ'- എന്നു ചിന്തിച്ചു പുഴക്കരയിലിരിക്കുന്ന പൂച്ചക്കു സമംമാണ്. കാര്യമായൊന്നും പ്രവർത്തിക്കാതെ കാലം കഴിക്കുന്ന ഇത്തരം ഭീരുക്കൾ വിധിയെ പഴിക്കും. എന്നാൽ പ്രവർത്തനോത്സാഹമുള്ളവരോ? വെല്ലുവിളികൾ ഏറ്റെടുക്കാൻ ധൈര്യപൂർവ്വം ചാടിയിറങ്ങുന്ന അവർ വിജയങ്ങൾ സ്വന്തമാക്കി, സ്വന്തം വിധിയെ തിരുത്തിക്കുറിക്കും. ദൃഢനിശ്ചയമുള്ള സ്ഥിരപരിശ്രമിക്ക് അസാധ്യമായതൊന്നുമില്ല. ഏതു താഴിനും ഒരു താക്കോലുള്ളതുപോലെ, ഏതു പ്രശ്നത്തിനും ഒരു പരിഹാരമുണ്ടെന്ന് തികഞ്ഞ ശുഭാപ്തിവിശ്വാസിയായ ഒരു പരിശ്രമശാലിക്കറിയാം. ആ താക്കോൽ നാം കഷ്ടപ്പെട്ടു തിരഞ്ഞു കണ്ടെത്തണമെന്നു മാത്രം. ദൃഢനിശ്ചയമാണ് ഒരു വെറും സാധാരണ പടയാളിയെ വീരനായകനാക്കിമാറ്റുന്നത്.

ഉറച്ച വിശ്വാസം മലകളെപ്പോലും മാറ്റാൻ കെല്പുള്ളതാണ്. നമുക്ക് നമ്മുടെ കഴിവുകളിലും ലക്ഷ്യങ്ങളിലും ഉറച്ച വിശ്വാസമില്ലെങ്കിൽ യാതൊന്നും നേടാൻ കഴിയില്ല. നേരേമറിച്ച്, നമ്മളിൽ ആത്മവിശ്വാസവും ദൃഢനിശ്ചയവും ഉണ്ടെങ്കിൽ മറ്റുള്ളവർക്കുപോലും ആവേശം പകരാൻ നമുക്കു കഴിയും. ആത്മവിശ്വാസം, ദൃഢനിശ്ചയം, സ്ഥിരപരിശ്രമം ഇവയിലാണ് വിജയം കുടികൊള്ളുന്നത്.വിജയം വേണ്ടതുതന്നെ. എങ്കിലും പ്രയത്നത്തിനാണ് മുൻതൂക്കം. ധീരന്മാർ ജയപരാജയങ്ങൾ

തുല്യമായെടുക്കുന്നു. അന്തിമവിശകലനത്തിൽ ജയപരാജയങ്ങൾക്കല്ല സ്ഥാനം. തൻ്റെ ഓട്ടം അഥവാ ഭാഗധേയം പൂർത്തിയാക്കിവന് വിഷമിക്കാനൊന്നുമില്ല. നെൽസന്റെ വിജയത്തേക്കാളും തിളക്കമേറിയതാണ് നെപ്പോളിയന്റെ പരാജയം നിങ്ങൾ ചിന്തിക്കുന്നതെന്തോ അതാണ് നിങ്ങൾ. ഒരു കാര്യം ചെയ്യാൻ നിങ്ങൾക്കു കഴിയുമെന്ന ഉത്തമബോധ്യത്തോടെ പ്രവർത്തിച്ചാൽ ഒന്നിനും നിങ്ങളെ തടയാൻ കഴിയില്ല. ധീരൻമാരെയാണ് വിജയം കടാക്ഷിക്കുന്നത്. കഠിനാധ്വാനമാണ് വിജയത്തിനു പിന്നിലുള്ളത്. ബുദ്ധിമുട്ടി നേടുന്ന വിജയത്തേക്കാൾ മധുരമായി മറ്റൊന്നുമില്ല.

- കാർത്തികേയൻ ഷൈൻ -

കവിത

# മുന്നോട്ട്...

ഇരുളിനെ നീക്കി പ്രകാശം പരത്തിടാം,
ചിറകുകൾ വീശി പറന്നുയർന്നിടാം!
തളരാതെ ഉയരങ്ങൾ ഇനിയുംതാണ്ടിടാം
കരുത്തർജ്ജിക്കാം,കാലത്തെ അതിജീവിച്ചിടാം!
സ്നേഹത്തിൻ മാമ്പൂക്കൾ വിടർത്തിടാം,
തണലായി തുണയായി,
ക്രൂടെ നിന്നിടാം
കരുണക്കായി കൈക്കോർക്കാം
ഒന്നായി നിന്നിടാം
മുന്നോട്ട് പോയിടാം
പാറി പറന്നിടാം!!

– ഹേമ മനോജ്

കവിത

# പുള്ളി പൂമ്പാറ്റ...

പുള്ളി പുള്ളി കുപ്പായം
തുന്നിയതാരാ പൂമ്പാറ്റേ,
നിന്നുടെ കൂടെ പോന്നോട്ടെ?
പാറും വഴികൾ കണ്ടോട്ടെ?
എത്ര പൂവിൻ തേനുണ്ണും നീ?
എത്ര നാടിൻ കഥയറിയാം?
നൃത്തം വച്ച് പറക്കും നിന്നുടെ
വൃത്തിയെനിക്ക് പകർന്നാലും.
വർണ്ണചിറകുകൾ വീശിപ്പാറും
നിന്നുടെ നൃത്തമെന്തുരസം!
കൂടെവരട്ടെ പൂമ്പാറ്റയെൻ
കൂട്ടായ് നീയും ചേരില്ലേ?

- ജോവിൻ സിനോജി -

# സ്നേഹത്തിന്റെ മഹത്വം

നിങ്ങൾ എപ്പോഴെങ്കിലും സ്നേഹിക്കപ്പെടാതെ ഇരുന്നിട്ടുണ്ടോ? ഒരിക്കലും ഉണ്ടാകില്ല. കാരണം, നമ്മളെല്ലാവരും മനുഷ്യരാണ്. മൃഗം എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ സ്നേഹവും കരുതലും ഉണ്ടായിരുന്നത് മനുഷ്യർക്കാണ്. പക്ഷേ, ഇപ്പോൾ കാര്യങ്ങൾ അങ്ങനെയല്ല. നമ്മളെല്ലാവരും തമ്മിൽ തമ്മിൽ മനുഷ്യരെന്ന പരിഗണന പോലും നൽകാതെയാണ് പെരുമാറുന്നത്. സ്നേഹത്തിന്റെ മഹത്വം അറിയണമെങ്കിൽ സ്നേഹിക്കപ്പെടണം. സ്നേഹം പലതരമുണ്ട്, അച്ഛനും അമ്മയും തമ്മിലുള്ളത്, അച്ഛനും മക്കളും തമ്മിലുള്ളത്, അമ്മയും മക്കളും തമ്മിലുള്ളത്, രണ്ടു വ്യക്തികൾ തമ്മിലുള്ളത്, അങ്ങനെ ഒരുപാട്.

'വെളിച്ചത്തിന്റെ വിരലുകൾ' എന്ന ഒരു കഥയിൽ പറയുന്നത് പോലെ ലോകത്തിലെ ഏറ്റവും വലിയ സുഖം എന്നത് സ്നേഹിക്കുന്നതും സ്നേഹിക്കപ്പെടലുമാണ്. സ്നേഹത്തിന്റെ വിലയറിയണമെങ്കിൽ ഈ കഥ ഒരിക്കലെങ്കിലും വായിക്കണം. സ്നേഹം കൊണ്ട് മാറ്റാൻ കഴിയാത്ത രോഗം ഇല്ലെന്നു കേൾക്കാം.



സ്നേഹത്തിനു ചെയ്യാൻ കഴിയാത്തതായി ഒന്നുമില്ല. അതിനാൽ ഉള്ള ജീവിതത്തിൽ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ശ്രമിക്കണം.

അനുഭവകുറിപ്പ്

# ലിറ്റിൽ കൈറ്റ്സ് എന്റെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ

എന്റെ ജീവിതത്തിൽ തന്നെ ഏറ്റവും വലിയ മാറ്റം വരുത്തിയ ഒരു പ്രോഗ്രാം ആണ് ലിറ്റിൽ കൈറ്റസ്. 2022-2025 ബാച്ച് ആയിരുന്ന ഞാൻ ഇന്ന് 2023 എന്ന വർഷം കടന്ന് 2024 ലേക്ക് പ്രവേശിച്ചു. കമ്പ്യൂട്ടർ കുറിച്ച് ഒന്നും അറിയുമായിരുന്നില്ല എനിക്ക്. എന്നാൽ ഇന്ന് സോഫ്റ്റ്വെയർ, ഇലക്ട്രോണിക്സ്,റോബോട്ടിക്സ് എന്നിവ എല്ലാം തന്നെ അറിയാം. കൈറ്റസ് മാസ്റ്റർ യുടെയും അധ്യാപിക യുടെയും പരിശീലനത്തിന്റെ ഫലമായി എല്ലാ കമ്പ്യൂട്ടർ രംഗത്തും മുന്നിട്ട് നിൽക്കുകയും ചെയ്തു. ലിറ്റിൽ കൈറ്റസിൽ ഒരു അംഗം ആണ് എന്ന് പറയാൻ ഞാൻ അഭിമാനിക്കുന്നു.

- അന്ന തെരേസ ലൈജു

# ധരിത്രി

ഹേ പൃഥ്വി
നീയെത്ര സുന്ദരി
ആവർണ്ണനീയം നിൻ സുന്ദര
കളേബരം
സൂര്യ ചന്ദ്രൻമാർ നിൻ മകുടത്തിൽ
ശോഭ ചൊരിയും ഗ്രഹങ്ങൾ
നിൻ പച്ച പട്ടുടയാട തൻ
ചാരുതയാരുനൽകി
തരു നിരയോ പുൽമേടോ
അപത്യ ദുഃഖത്താൽ വെന്തുനീറും
ഗ്രഹങ്ങൾ കണ്ടസൂയ വാർത്തിടുന്നു
നിൻ മടിത്തട്ടിൽ നൃത്തമാടും
ജീവജാലങ്ങൾ തൻ പിഞ്ചിളം കാൽ
പൈദാഹാ തീർക്കുവാൻ ഹൃദ്
രക്തമേകുന്നൊരമ്മ
ഉടയാട ചിന്തുന്ന കൈകൾക്ക് പ്രാണൻ
നൽകുന്നൊരമ്മ
മക്കൾ തൻ പാപത്തിൽ ഭാരം
പേറിയലയുന്നൊരമ്മ
ഹേ ധാത്രി നി സർവം സഹ...

– ഹേമന്ദ്

# ജീവിതമാകട്ടെ ലഹരി

ഹേ ! ലഹരി അകന്നു പോകു
മസ്തിഷ്ക ചിന്തയിൽ നിന്നുമ
കലട്ടെ നിൻ ചിന്ത
പടരട്ടെ മസ്തിഷ്ക ചിന്തയിൽ
പഠനം എന്ന ലഹരി
മനുഷ്യമനസിന്റെ അഗാധമാം
മാനവ സ്നേഹത്തിൽ തിരിമ്പും
പാടില്ല ലഹരിയുടെ അടിമത്വം
ചിന്തയിൽ വാക്കിൽ നടപ്പിൽ
ജീവിതത്തിൽ പടരട്ടെ
ജീവിതലഹരി

ശ്രീഹരി എസ് നായർ

# രാത്രി

രാത്രികൾ
രാപ്പാടി പോലെ,
രാവിന്റെ കാത്തിരിപ്പു പോലെ,
കടലിന്റെ അലകൾ പോലെ,
കാറ്റിന്റെ വേഗം പോലെ,
കാലത്തിന്റെ കൈ ഒപ്പ് പോലെ,
ഓർമകളുടെ വേര്
താണ്ടിയുള്ള യാത്ര പോലെ,
സുഖദുഖ സമിശ്രമാം
ഈ രാത്രികൾക്കിതേതൊരു
കുളിർമ

– എലിസബത്ത്   റെജി

യാത്ര വിവരണം

# ഒരു വാഗമൺ യാത്ര

ഒരിക്കൽ വാഗമൺ യാത്ര നടത്തി.പ്രകൃതി ഭംഗിയാൽ മനോഹരമായ വാഗമൺ ഒട്ടേറെ വിനോദ സഞ്ചാരികളുടെ ആകർഷണ കേന്ദ്രം ആണ്.കഴിഞ്ഞ വർഷം ആണ് പോയത്. വണ്ടിയിൽ കാറ്റടിച്ചു കൊണ്ടുള്ള യാത്ര എനിക്ക് ഏറെ സന്തോഷം നൽകുന്നതാണ് . രാവിലെ എട്ട് മണിയോടെ പുറപ്പെട്ടു.കയ്യിൽ ഭക്ഷണം കരുതി.വാഗമൺ അടുത്ത സമയത്ത് കാണുന്ന പുറം കാഴ്ചകൾ അതിമനോഹരം തന്നെ.കൊറേ മരങ്ങൾ മലകൾ .ആ പ്രദേശം വാക്കുകൾ കൊണ്ടു വർണിക്കാൻ കഴിയില്ല. ഇടക്ക് വെച്ച വണ്ടി നിർത്തി ഒരു മനോഹര കാഴ്ച കണ്ടു. താഴെ കുറെ മലനിരകൾ. അതിൽ നിന്നും കണ്ണ് എടുക്കാൻ കഴിയില്ല.ആ സ്ഥലത്തു തണുത്ത കാറ്റ് വീശി.പിന്നെ പോയത് പരുന്ത്മ്പാറയിലേക്ക് .സ്വയം പറക്കാൻ ആഗ്രഹം ഉള്ളവർക്ക് പറ്റിയ സ്ഥലം. അത്രക്ക് കാറ്റു .കൊണ്ടുപോയ സാദനങ്ങൾ കുറെ പറന്നുപോയി.കാറ്റു കാർ വരെ കുലുക്കി.മരങ്ങൾ ഒന്നും ഇല്ലാത്ത നിരന്നു കിടക്കുന്ന പ്രദേശം. പിന്നെയും യാത്ര തുടർന്നു. പോകും വഴി ഒരു കൊച്ചു വെള്ളച്ചാട്ടം. അതിനേക്കാൾ ആകർഷണം അവിടെ നമ്മെ വരവേൽക്കാൻ നിൽക്കുന്ന കുരങ്ങൻമാരാണ് .ഞങ്ങടെ ആഹാരത്തിന്റെ ഒരു പങ്കു അവർ ചോദിച്ചു വാങ്ങി.ഞങ്ങൾ സന്തോഷത്തോടെ പിരിഞ്ഞു.

വാഗമൺ എന്നൊക്കെ കേൾക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് പൈയിന് മര കാടുകളാണ് പക്ഷെ അത് എന്തോ കാരണത്താൽ അടച്ചിട്ടിരുന്നു . ആ വിഷമം മാറ്റാൻ പിന്നെ പോയത് മൊട്ടകുന്നിലേക്കാണ് . പേര് പോലെത്തെ സ്ഥലം.പക്ഷെ നമ്മെ തളർത്തുന്നത് അവിടുത്തെ തണുപ്പാണ്. പ്രത്യേകിച്ച് പുതക്കാൻ ഒന്നും എടുക്കാതെ വന്ന എന്നെ. നിറയെ പൂക്കളാണ് .നല്ല ഒരു വിശ്രമകേന്ദ്രം .കയ്യിലുള്ള ഫ്രൂട്സ് കഴിച്ചു സംസാരിച്ചു ഇരുന്നു.കുറച്ചു നേരം കഴിഞ്ഞു തിരികെ..............................യാത്രയിൽ ഏറ്റവും വിഷമം ഉണ്ടാക്കും ഈ തിരിച്ചുവരവ്




കീർത്തന ബിജു

ലേഖനം

# സൗഹൃദം

ഒരേ കുടുംബമല്ല, ഒരേ നാടല്ല
കൂടെ പിറന്നവരല്ല
എങ്കിലും എൻ മനസിന് ഉൾകൊണിൽ കൂടിയിരിക്കുന്നു നിങ്ങൾ,
സൗഹ്രദത്തിന്റെ ചില്ലയിലാണ് ജീവിതത്തിലെ മനോഹര നിമിഷങ്ങൾ പൂത്തത്
ഓർക്കുന്നു നാം അന്ന് പങ്കുവെച്ച സ്നേഹമൂറും നിമിഷങ്ങൾ,
വരാന്തായിലുടനീളം ഓടി നടന്നതും
ഉച്ച ഊണിനായി ഒരുമിച്ചിരുന്നതും എന്റെ നിന്റെ വേർതിരിവില്ലാതെ
നമ്മുടെ എന്ന ചിന്തയിൽ ഒന്നിച്ചു കഴിച്ചതും
ദുഖിക്കുമ്പോൾ ഒരു ആശ്വാസമയും,പ്രയത്നത്തിൽ കൂട്ടായും നീ ഉണ്ട് എൻ കൂടെ ചങ്ങാതി,
വിജയത്തിൽ മാത്രമല്ല സൗഹൃദം പൂവിടുന്നത് മറിച് ഉയർച്ചയിലും
താഴ്ചയിലും നമ്മോട് ഒപ്പമുള്ള നിമിഷമാണ് സൗഹൃദം ജാതി മത ഭേദമന്യേ
നാം ഒന്നിച്ചു പങ്കിട്ട സൗഹൃദം
സന്തോഷവും സങ്കടവും നാം ഒന്നായി പങ്കുവെച്ചു
മണ്ടത്തരത്തിനും കള്ളത്തരത്തിനും പരസ്പരം നാം കൂട്ടായി
ഓരോ നിമിഷവും നാം സൗഹൃദത്തെ മുറുകെ പിടിച്ചു
സൗഹൃദം എന്നാൽ മായാജാലം തന്നെയാണ്
സൗഹൃദം എന്നാൽ അവസാനം ഇല്ലാത്ത കടൽ പോലെയുമാണ്
കാണുമ്പോൾ ചിരിക്കുന്ന മുഖങ്ങളല്ല കാണാതാവുമ്പോൾ തിരക്കുന്ന
മുഖങ്ങളാണ് യെഥാർത്ത സൗഹൃദങ്ങൾ
നമ്മളെ നാം ആയി കാണുന്നവരാണ് സുഹൃത്തുക്കൾ തെറ്റുകളെ
തിരുത്തിയും നന്മയിലൂടെ നമ്മെ നയിക്കുന്നവരും



ആഷ്ലി ഷിബു

# എന്റെ കലാലയം

വരുവിൻ പ്രിയ സോദരേ
അറിവിൻ അക്ഷര ജ്വാലകൾ പകരും
ഈ അക്ഷര മുറ്റത്ത് ഈ അക്ഷരമുറ്റത്ത്

സഹോദര്യത്തിൻ വിത്തുകൾ പാകാം
സ്നേഹത്തിൽ തിരിനാളം തെളിക്കാം
ഒരേ മനസ്സായ് മുന്നേരാം ഈ അക്ഷര മുറ്റത്ത്
ലഹരി എന്ന കൂരിരുട്ടിനെ തുരുത്തി ഓടിക്കാൻ
നമുക്ക് ഒരു മിച്ച് മുന്നേറാം
വിജയത്തിൻ നെറുകയിൽ എത്തിക്കാം
മാലഖമാർ കുടികൊള്ളും
ഈ പുണ്യ പുരാതന ക്ഷേത്രത്ത

ഭാഗ്യമോൾ കെ അഭിലാഷ്



# നന്ദിയുടെ ഒരു വാക്ക്

വിദ്യാലയ ജീവിതത്തിൽ നിന്ന് ഓരോരുത്തർക്കും കിട്ടുന്നത് വ്യത്യസ്തങ്ങളായ അനുഭവങ്ങളാണ് വിദ്യഭ്യാസ കാലഘട്ടത്തിലെ പരിഭവങ്ങളും സൗഹൃദങ്ങളും സ്നേഹവും, നൊമ്പരവും അവരുടെ നിറക്കൂട്ടുകളെയും ഒരേ ചരടിൽ കോർത്തിണക്കി രചിച്ച ഒറ്റ ചിലങ്ക ഈ ക്ലാസ്സിലെ പ്രതിഭകളുടെ കഴിവുകൾ തുറന്നു കാണിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. സഹായിച്ച എല്ലാവർക്കും ഒരായിരം നന്ദി...........

എഡിറ്റർ